ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 26-05-2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ അധികാരത്തിൽ എത്തിയിട്ട് 12 വർഷം.

   **NDA government led by Prime Minister Narendra Modi completed 12years in power.**

2. ഇൻഡോ-പസഫിക് മേഖലയിൽ നിയമവാഴ്ചയും രാജ്യങ്ങളുടെ പരമാധികാരവും സംരക്ഷിക്കുമെന്ന് ക്വാഡ് സഖ്യം.

   **The Quad alliance says it will protect the rule of law and the sovereignty of countries in the Indo-Pacific region.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമനുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി മുഖ്യമന്ത്രി വി.ഡി.സതീശൻ.

   **Chief Minister V.D. Satheesan met Prime Minister Narendra Modi and Union Finance Minister Nirmala Sitharaman in New Delhi.**

4. ധാതുക്കളുടെയും അപൂർവ്വ മൂലകങ്ങളുടെയും ഖനനം, സംസ്കരണം, വിതരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള സുപ്രധാന കരാറിൽ ഒപ്പുവെച്ച് ഇന്ത്യയും അമേരിക്കയും.

   **India and the US sign key agreement to strengthen supply, mining and processing of critical minerals and rare earths**

5. **കേരളത്തിൽ കാലവർഷം ഉടൻ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

   **The IMD says that the monsoon will arrive soon in Kerala . Fishing banned on the coasts of Kerala and Lakshadweep.**

6. **ഐ.പി.എൽ ക്രിക്കറ്റിൻറെ ഒന്നാം ക്വാളിഫയറിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു – ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം.**

   **Royal Challengers Bangalore – Gujarat Titans to face eachother today in the first qualifier of IPL cricket.**

**************************************

## PM

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ഇന്ന് 12 വർഷം പൂർത്തിയാക്കുന്നു. 2014 മെയ് 26 നാണ് ശ്രീ നരേന്ദ്രമോദി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പടെയുള്ള കേന്ദ്രമന്ത്രിമാരും രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖരും പ്രധാനമന്ത്രിക്ക് ആശംസകൾ അറിയിച്ചു.

**************************************

## PM – VP ARTICLE

സർക്കാരിന്റെ വിവിധ ജനക്ഷേമ പദ്ധതികളെ കുറിച്ച് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ എഴുതിയ ലേഖനം പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. രാജ്യം അമൃതകാലത്തിലൂടെ മുന്നോട്ട് കുതിക്കുമ്പോൾ, രാജ്യത്തുടനീളമുള്ള ജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവാക്കൾക്കും കർഷകർക്കും സർക്കാർ പദ്ധതികൾ എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് ഉപരാഷ്ട്രപതി

തന്റെ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

****************************************

## QUAD ( INTRO)

ഇൻഡോ-പസഫിക് മേഖലയിൽ നിയമവാഴ്ചയും രാജ്യങ്ങളുടെ പരമാധികാരവും സംരക്ഷിക്കുമെന്ന് ക്വാഡ് സഖ്യം. ന്യൂഡൽഹിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ അധ്യക്ഷത വഹിച്ച യോഗത്തിൽ യു.എസ്, ഓസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ പങ്കെടുത്തു. ഭീകരവാദമെന്ന പൊതു ഭീഷണിയെ സംയുക്തമായി ചെറുക്കുമെന്നും

അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

പശ്ചിമേഷ്യയിൽ ശാശ്വത സമാധാനം ഉറപ്പാക്കാനുള്ള നയതന്ത്ര നീക്കങ്ങൾക്ക് ക്വാഡ് പൂർണ പിന്തുണ അറിയിച്ചു. സമുദ്രപാതകളിലെ തടസ്സങ്ങൾ ആഗോള ഇന്ധന-ഭക്ഷ്യ സുരക്ഷയെ ബാധിക്കുമെന്ന് വിലയിരുത്തിയ യോഗം , വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങളും നിയമവിരുദ്ധമായി ടോൾ പിരിവും അപലപിച്ചു.

****************************************

## INDIA US – CRITICAL MINERALS

ധാതുക്കളുടെയും അപൂർവ്വ മൂലകങ്ങളുടെയും ഖനനം, സംസ്കരണം, വിതരണം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയും അമേരിക്കയും ഇന്ന് സുപ്രധാന ഉഭയകക്ഷി കരാറിൽ ഒപ്പുവെച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ വിദേശകാര്യ മന്ത്രി എസ്.ജയശങ്കറും യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും

ചരിത്രപ്രധാനമായ കരാർ കൈമാറി. വിതരണ ശൃംഖലകളെ കൂടുതൽ സുരക്ഷിതമാക്കനും, ധനസഹായം ലഭ്യമാക്കുന്നതിൽ ഇരുരാജ്യങ്ങൾക്കും ഒന്നിച്ച് പ്രവർത്തിക്കാനും, ധാതുക്കളുടെയും അപൂർവ്വ മൂലകങ്ങളുടെയും ഫലപ്രദമായ മാനേജ്മെന്റിനും ഇത് സഹായകരമാകുമെന്ന് വിദേശകാര്യ മന്ത്രി പറഞ്ഞു.

****************************************

## CM – PM (INTRO)

കേരളത്തിന്റെ സ്വപ്ന പദ്ധതികൾക്ക് കേന്ദ്രത്തിന്റെ സഹായം അഭ്യർത്ഥിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കേന്ദ്ര ധനമന്ത്രിനിർമലാ സീതാരാമനുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയ ശേഷം കേരളാ ഹൗസിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പിഎം ശ്രീ പദ്ധതി സംബന്ധിച്ച് കൂടുതൽ പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തിൻറെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും മുൻഗണനകളെക്കുറിച്ചും പ്രധാനമന്ത്രിയോടും ധനമന്ത്രിയോടും സംസാരിച്ചതായും ശ്രീ.വി.ഡി.സതീശൻ പറഞ്ഞു. ( വോയിസ്.....)

****************************************

## SC WETLAND

2017 ലെ തണ്ണീർത്തട നിയമങ്ങൾ പ്രകാരം തണ്ണീർത്തടങ്ങളുടെ നിർവചനത്തിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്യുന്ന ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിച്ചു. ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ്മല്യ ബാഗ്ചിയും ഉൾപ്പെട്ട ബെഞ്ചാണ് വാദം കേട്ടത്. 2017 ലെ നിയമങ്ങൾ തണ്ണീർത്തടങ്ങൾക്ക് ലഭ്യമായ സംരക്ഷണത്തെ ദുർബലപ്പെടുത്തിയതായി ഹർജിയിൽ പരാമർശിക്കുന്നു.

****************************************

## COMMITTEE DEMOGRAPHIC CHANGE

നുഴഞ്ഞുകയറ്റവും അനധികൃത കുടിയേറ്റവും രാജ്യത്തുണ്ടാക്കുന്ന വെല്ലുവിളികളെയും ജനസംഖ്യാപരമായ മാറ്റങ്ങളുയും പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് കേന്ദ്ര സർക്കാർ. മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് പ്രകാശ് പ്രഭാകർ നൗലേക്കർ അധ്യക്ഷനായ അഞ്ചംഗ സമിതിയെയാണ് ഇതിനായി നിയോഗിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി സമിതിയുടെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കും. ദേശീയ സുരക്ഷ, ക്രമസമാധാനം, ജനസംഖ്യാപരമായ മാറ്റങ്ങൾ, ഗോത്രവർഗ്ഗ സംരക്ഷണം എന്നിവ വിലയിരുത്തി, സമിതി കൃത്യമായ പരിഹാരമാർഗ്ഗങ്ങൾ സമർപ്പിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

****************************************

## MANDAVIYA-YOGA (intro)

രാജ്യത്തെ പരമ്പരാഗത ആരോഗ്യ ശീലമായ യോഗയെ ആഗോള കായിക ഇനമായി ഉയർത്തുന്ന സുപ്രധാന ചുവടുവെപ്പാണ് അഹമ്മദാബാദിൽ നടക്കാനിരിക്കുന്ന ആദ്യ ലോക യോഗാസന ചാമ്പ്യൻഷിപ്പെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ലോകമെമ്പാടും ശാരീരികക്ഷമത, മാനസികാരോഗ്യം, ആരോഗ്യകരമായ ജീവിതശൈലി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാധ്യമമായി യോഗ മാറിയിട്ടുണ്ടെന്നും മന്ത്രി ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(VOICE )

****************************************

## AMIT SHAH RAJASTHAN VISIT

'ഓപ്പറേഷൻ സിന്ദൂർ' വേളയിൽ അതിർത്തി രക്ഷാസേന നടത്തിയ മികച്ച പ്രവർത്തനങ്ങളെ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രശംസിച്ചു. രാജസ്ഥാനിലെ ബിക്കാനീർ സാഞ്ചു പോസ്റ്റിൽ ബി.എസ്.എഫിന്റെ 'പ്രഹരി സമ്മേളനത്തെ' അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിർത്തി കാക്കുന്നതിനൊപ്പം അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാൻ ബി.എസ്.എഫിന് സാധിച്ചതായി ആഭ്യന്തരമന്ത്രി പറഞ്ഞു. അതിർത്തി ഔട്ട്പോസ്റ്റുകളിൽ പുതുതായി നിർമ്മിച്ച 14 വനിതാ ബാരക്കുകളുടെ വെർച്വൽ ഉദ്ഘാടനവും കേന്ദ്ര മന്ത്രി നിർവ്വഹിച്ചു.

****************************************

## PRADHAN- CBSE

CBSE പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം പരിഷ്കരിക്കുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ നാല് പ്രധാന പൊതുമേഖലാ ബാങ്കുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ സുഗമവും സുരക്ഷിതവുമായ പേയ്മെന്റ് സംവിധാനങ്ങളുടെ ആവശ്യകത മന്ത്രി ചൂണ്ടിക്കാട്ടി. കൃത്യസമയത്തുള്ള ഇടപാടുകൾ ഉറപ്പാക്കുന്നതിനും, പേയ്മെന്റ് സംബന്ധമായ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുന്നതിനും, പരാജയപ്പെട്ട പേയ്മെന്റുകൾക്ക് ഓട്ടോമാറ്റിക് റീഫണ്ട് നൽകുന്നതിനും സി.ബി.എസ്.ഇയെ സഹായിക്കണമെന്ന് അദ്ദേഹം ബാങ്കുകൾക്ക് നിർദ്ദേശം നൽകി.

****************************************

## IMD

ഡൽഹിയിൽ ഇന്ന് ഉഷ്ണതരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ്, ഉത്തർപ്രദേശ്,

പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിലും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ട്.

****************************************

## RAIN - KERALA

കേരളത്തിൽ കാലവർഷം ഉടൻ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സാധാരണയായി ജൂൺ ഒന്നിന് എത്തുന്ന കാലവർഷം ഇത്തവണ മെയ് 26-ന് ആരംഭിക്കുമെന്നാണ് നേരത്തെ പ്രവചിച്ചിരുന്നത്. ഒറ്റപ്പെട്ടയിടങ്ങളിൽ വരും ദിവസങ്ങളിലും മഴ തുടരും. ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

## IPL CRICKET

ഐപിഎൽ - പ്ലേ ഓഫ് മത്സരങ്ങൾക്ക് ധരംശാലയിൽ തുടക്കമായി. ഒന്നാം ക്വാളിഫയറിൽ ടോസ് നേടിയ ഗുജറാത്ത് ടൈറ്റൻസ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ബാറ്റിംഗിനയച്ചു. ഇന്നത്തെ മത്സരത്തിൽ വിജയിക്കുന്നവർ ഫൈനലിലേക്ക് നേരിട്ട് യോഗ്യത നേടും. നാളെ എലിമിനേറ്റർ മത്സരവും 29 ന് രണ്ടാം ക്വാളിഫയറും നടക്കും. മെയ് 31-ന് അഹമ്മദാബാദിലാണ് ഫൈനൽ പോരാട്ടം.

****************************************

## BADMINTON–SINGAPORE OPEN

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൻ, വനിതാ സിംഗിൾസിൽ പി.വി.സിന്ധുവും, പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യവും പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു. ഇന്തോനേഷ്യൻ താരത്തെ നേരിട്ടുള്ള ഗെയിമുകൾക്ക് തോൽപ്പിച്ചാണ് സിന്ധു ടൂർണമെന്റിന്റെ രണ്ടാം റൗണ്ടിൽ കടന്നത്. പുരുഷ ഡബിൾസിൽ അമേരിക്കൻ ജോഡികളെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം രണ്ടാം റൗണ്ടിൽ സ്ഥാനം ഉറപ്പിച്ചത്.

****************************************************************

************************